# ശുചിത്വം—ആധുനികതയും വർത്തമാനവും

**പ്രതിഭാ ഗണേശൻ**
അസിസ്റ്റന്റ് പ്രൊഫസർ, ടാറ്റാ ഇൻസ്റ്റിട്യൂട്ട് ഓഫ് സോഷ്യൽ സയൻസ്, മുംബൈ

കേരളത്തിന്റെ ചരിത്രത്തിൽ ശുചിത്വം ഒരു രാഷ്ട്രീയ ആയുധവും ഒരു സാമൂഹിക ആരോഗ്യപ്രശ്നവുമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടോടെ കൊളോണിയൽ ഇടപെടൽ ശക്തമായി. ഫ്യൂഡൽ സാമൂഹികത വെല്ലുവിളിക്കപ്പെട്ടപ്പോൾ ഏറെ ഉന്നയിക്കപ്പെട്ട പ്രശ്നം ആധുനിക രീതിയിലുള്ള ശുചിത്വമാണ്. നവോത്ഥാനകാലത്ത് ശ്രീനാരായണ ഗുരുവിന്റെ വീക്ഷണത്തിൽ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും സമൂഹത്തിലെ അസമത്വത്തെ ഇല്ലായ്മ ചെയ്യാനുള്ള ആദ്യത്തെ ആയുധമായിരുന്നു. അതുകൊണ്ടുതന്നെ കീഴാളരോട് അദ്ദേഹം ആഹ്വാനംചെയ്തതും ശുചിത്വം പാലിക്കാനാണ്. ഇത്തരം ഒരു കാഴ്ചപ്പാട് ശുചിത്വവുമായി ബന്ധപ്പെട്ടു കേരളജനതയിൽ ഉണ്ടാക്കിയ സ്വാധീനം ചെറുതല്ല. സ്വാതന്ത്ര്യാനന്തര കേരളത്തിൽ ശുചിത്വവും കക്കൂസുകളുടെ നിർമാണവും ഉപയോഗവും വ്യാപകമാകുന്നത് കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെയാണ്. സമ്പൂർണശുചിത്വ ക്യാമ്പയിനിൽ തുടങ്ങി സ്വച്ഛ് ഭാരത് മിഷനിൽ എത്തിനില്ക്കുന്നു ഇത്തരം കേന്ദ്രസഹായം. ഒരു രാഷ്ട്രീയ ആയുധമെന്നതിലുപരി ഒരു സമൂഹത്തിന്റെ ആരോഗ്യത്തിനാണ് ഇവിടെ ഊന്നൽ കൊടുക്കുന്നത്. മനുഷ്യമലത്തിൽനിന്നുമുള്ള അണുക്കൾ മൂലമുണ്ടാകുന്ന വയറിളക്കം, ശിശുമരണം, വളർച്ച മുരടിക്കൽ, മറ്റു ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുക എന്നതിനാണ് പ്രാധാന്യം നല്കുന്നത്. ശുചിത്വം ആധുനികതയിലേക്കുള്ള ചൂണ്ടുപലകയായും പിന്നീട് സാമൂഹികാരോഗ്യ സൂചികയായും മാറിയതെങ്ങനെയെന്നും വർത്തമാന കാലഘട്ടത്തിൽ അത് എവിടെ എത്തി നില്ക്കുന്നുവെന്നും നമുക്ക് നോക്കാം.

ശുചിത്വപാഠത്തിന്റെ ആധുനികത

ഇരുപതാംനൂറ്റാണ്ടിന്റെ മൂന്നാല് ദശകങ്ങളിലുണ്ടാകുന്ന മലയാള സാഹിത്യകൃതികളെല്ലാം തന്നെ അക്കാലത്തെ ഫ്യൂഡൽ അവസ്ഥയിൽനിന്ന് ആധുനികതയിലേക്കുള്ള മാറ്റമായി ശുചിത്വത്തെ അവതരിപ്പിക്കുന്നുണ്ട്. ജാതിയധിഷ്ഠിത ശുചിത്വത്തിൽ നിന്ന് ജാത്യേതരമായ ആധുനിക മാനവികത അടിസ്ഥാനപ്പെട്ട വൃത്തിബോധത്തിലേക്കുള്ള മാറ്റമാണത്. തകഴിയുടെ നോവലിലൂടെയാണ് ശുചിത്വത്തിന്റെ വലിയ മേഖല മലയാള സാഹിത്യഭൂമികയിലെത്തുന്നത്. തോട്ടിയുടെ മകന്റെ ഇതിവൃത്തം തോട്ടികളെന്ന വലിയ സാമൂഹിക പ്രശ്നം അവതരിപ്പിച്ചു. ചുടലമുത്തു ഒരു പാട്ടയും മമ്മട്ടിയുമായി ആദ്യം ജോലിക്കിറങ്ങിയ ദിവസം സ്വയം തിരിച്ചറിഞ്ഞ ഒരു സത്യമുണ്ട്; "ജോലി ചെയ്യുന്ന സമയത്തുമാത്രം തിരിച്ചറിയപ്പെടുന്ന, അല്ലാത്തപ്പോൾ സമൂഹത്തിന്റെ ഓർമകളിൽനിന്ന് പാടേ അദൃശ്യനാക്കപ്പെടുന്ന ഒരു പ്രത്യേക ജീവിയാണ് താൻ" എന്നുള്ള സത്യം. തിരിച്ചറിവാണ് തന്റെ മകന്റെ ജീവിതത്തിൽ തോട്ടിപ്പണി വേണ്ട എന്ന തീരുമാനത്തിൽ അവനെ എത്തിച്ചത്. എന്നാൽ സാമൂഹിക അസമത്വങ്ങളും ആരോഗ്യ കാരണങ്ങളും എങ്ങനെ അത്തരം സ്വപ്നങ്ങൾ വിദൂരമാക്കുന്നു എന്നുകൂടി തകഴി വളരെ ഭംഗിയായി തോട്ടിയുടെ മകനിലൂടെ വരച്ചുകാണിക്കുന്നുണ്ട്. ആലപ്പുഴയിൽ മാത്രമല്ല ഇന്ത്യയിലെല്ലായിടത്തും തോട്ടിജീവിതങ്ങൾ അങ്ങനെതന്നെ ആയിരുന്നു. എന്നാൽ ആധുനികതയിലേക്കുള്ള ചുവടുവയ്പുകളിൽ ശുചിത്വം നിലനിർത്തുന്നതിനായി പല തരത്തിലുള്ള സാങ്കേതിക വിദ്യകൾ രൂപം കൊണ്ടു. വെള്ളം ഒഴിച്ച് ശുദ്ധീകരിക്കുന്ന കക്കൂസുകളും (pour flush latrine) ഭൂഗർഭ ഓടകളും (sewer lines) അത്തരം സാങ്കേതിക വിദ്യകളാണ്. ഇത്തരം സാങ്കേതികവിദ്യകൾ എങ്ങനെയാണ് ഇന്ത്യൻ സാമൂഹികശ്രേണിയിൽ ഏറ്റവും താഴെതട്ടിലുള്ള ശുചീകരണ തൊഴിലാളികളുടെ ജീവിതത്തിൽ പ്രതിഫലിച്ചതെന്ന് അഹമ്മദാബാദിലെ ബങ്കി സമുദായത്തിന്റെ ജീവിതത്തിലൂടെ സ്റ്റീഫനിറ്റാം തുറന്നു കാണിക്കുന്നുണ്ട്. എന്നാൽ കേരളത്തിന് ഒരു പക്ഷെ, കോർപ്പറേഷനിലെ മാലിന്യം എടുക്കുന്ന conservancy ജോലിക്കാരായി മാറിയ മനുഷ്യരുടെ കഥകളാണ് പറയാനുണ്ടാവുക.

സ്വാതന്ത്ര്യത്തിനുമുമ്പ് അഹമ്മദാബാദ് നഗരത്തിൽ തോട്ടിവേല ചെയ്തിരുന്നത് ബങ്കി സമുദായത്തിൽപെട്ടവരാണ്. അവർ മുനിസിപ്പാലിറ്റി ജോലിക്കാരായിരുന്നില്ല. അതുകൊണ്ടുതന്നെ ചോദിക്കുന്ന കാശ് തങ്ങളുടെ ജോലിക്കു കിട്ടുമായിരുന്നു. കൂടാതെ മലം ഉണക്കി വിറ്റാൽ കിട്ടുന്ന കാശും അവരുടെ സ്വന്തമായിരുന്നു. അവിടത്തെ

മേൽജാതിയിൽപ്പെട്ടവർ തൊട്ടുകൂടായ്മ പ്രയോഗത്തിൽ വരുത്തിയിരുന്നപ്പോഴും ബങ്കികളോടു കടുത്ത അസൂയ നിലനിർത്തിയിരുന്നു. കാരണം ബങ്കികൾക്ക് ഒരുദിവസംകൊണ്ട് ഒരു സമൂഹത്തെ മുഴുവൻ മുൾമുനയിൽ നിർത്താനുള്ളത്ര നിയന്ത്രണശക്തിയുണ്ട്. അതുകൊണ്ടുതന്നെ അവരെ അധികമാരും ഉപദ്രവിക്കാതെപോന്നു. അന്ന് തോട്ടിവേല ചെയ്തവർക്ക് ആയുസ്സ് കുറവായിരുന്നെങ്കിലും ജോലിസ്ഥലത്തെ മരണത്തെ ഭയക്കേണ്ടിയിരുന്നില്ല.

ബങ്കികളുടെ അധികാരം കൈയിൽ നിന്നെടുത്തുകളയാൻ അധികൃതരുടെ കുബുദ്ധിയിൽ ഉദിച്ച വിദ്യ അവരെ മുനിസിപ്പാലിറ്റിയിൽ സ്ഥിരപ്പെടുത്തുക എന്ന തീരുമാനത്തിലേക്കാണ്. ആദ്യം മലം വില്ക്കുന്നതിനുള്ള അനുമതി നിഷേധിച്ചു. പിന്നെ വളരെ കുറഞ്ഞ വേതനം നിശ്ചയിച്ചു. അതിന്റെ പരിണതഫലമായി ബങ്കികളുടെ ജീവിതം സാമ്പത്തികമായി തകർന്നു. ഈ സാഹചര്യത്തിലാണ് വെള്ളക്കാരുടെ സ്വാധീനം മൂലം മുനിസിപ്പാലിറ്റി, വെള്ളം ഒഴിച്ച് ശുദ്ധീകരിക്കുന്ന കക്കൂസും ഭൂഗർഭ ഓടകളും കൊണ്ടുരാൻ തീരുമാനിക്കുന്നത്. വെള്ളക്കാരനായ എഞ്ചിനീയർ പഠനംനടത്തി അഹമ്മദാബാദ് പോലെയുള്ള ചെറിയ നഗരങ്ങൾക്ക് പമ്പിങ് സ്റ്റേഷനുകളോടു കൂടിയ ചെറിയ ഭൂഗർഭക്കുഴലുകൾ മതി എന്ന തീരുമാനത്തിലെത്തിച്ചേർന്നു. മനുഷ്യസഹായമില്ലാതെ ഓടകൾ പ്രവർത്തിപ്പിക്കാനും വലിയ ഓടകളിൽ കണ്ടു വരുന്ന എക്കൽ (silting) തടയാനുമായിരുന്നു ഇത്തരമൊരു ഡിസൈൻ. എന്നാൽ അഹമ്മദാബാദ് മുനിസിപ്പാലിറ്റി അധികൃതർ സംശയം പ്രകടിപ്പിച്ചതിനാൽ മൂലകളിൽ മാൻഹോളുകൾ ഉണ്ടാക്കാമെന്ന തീരുമാനമായി. അങ്ങനെ ഭൂഗർഭ ഓട ഉണ്ടാക്കി പ്രവർത്തനം തുടങ്ങി അധികം കഴിയുന്നതിനു മുൻപ് പ്രശ്നങ്ങൾ തുടങ്ങി. കാരണം മലമൂത്രവിസർജ്ജ്യം മാത്രമല്ല ഓടകളിൽ വീണുകൊണ്ടിരുന്നത്. അതിൽ സൂചികളും തുണികളും ചെറിയ കുപ്പികളും ഒക്കെ ഉണ്ടായിരുന്നു. പമ്പിങ് കൊണ്ടുമാത്രം കാര്യങ്ങൾ നടക്കില്ലെന്നായപ്പോൾ ബങ്കികളെ ഓട വൃത്തിയാക്കാൻ ചുമതലപ്പെടുത്തി. അതോടെ ബങ്കി സമുദായത്തിൽപ്പെട്ടവരുടെ ജോലിയുടെ സ്വഭാവവും അപകടസാധ്യതയും കൂടി. അന്നുമുതൽ എത്ര മനുഷ്യർ ആ ഓടകളിൽ ശ്വാസം കിട്ടാതെ പിടഞ്ഞു മരിച്ചിട്ടുണ്ടാകുമെന്നു ആർക്കുമറിയില്ല. കാരണം അതിനപ്പുറം അവർ അദൃശ്യ മനുഷ്യരായിരുന്നു.

ഈ ഒരു സാമൂഹ്യാവസ്ഥ അഹമ്മദാബാദ് നഗരത്തിൽ ഒതുങ്ങിയില്ല. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഒരു sanitation trajectory ആൾക്കാർ ആഗ്രഹിച്ചു. കുഴികക്കൂസുകളിൽ നിന്ന് മാറി വെള്ളമൊഴിച്ച

ശുദ്ധീകരിക്കുന്ന കക്കൂസുകളും അവയോട് ബന്ധിപ്പിക്കുന്ന ഭൂഗർഭ ഓടകളും ഉള്ള ലക്ഷണമൊത്തുള്ള നഗരങ്ങൾ. അതുകൊണ്ടുതന്നെ അഹമ്മദാബാദ് മാതൃകയിലുള്ള ഭൂഗർഭക്കുഴലുകൾ മറ്റിടങ്ങളിലും വ്യാപിച്ചു. സമൂഹത്തിലെ താഴെ ശ്രേണിയിലുള്ളവരിൽ ഓട വൃത്തിയാക്കുന്ന ജോലി അടിച്ചേല്പിക്കപ്പെട്ടു. സമൂഹമനസ്സറിയാതെ ഒരു വർഗ്ഗനശീകരണം സംഭവിച്ചുകൊണ്ടേയിരുന്നു. സ്വാതന്ത്ര്യാനന്തരം അഞ്ചുദശകങ്ങൾക്ക് ശേഷമാണ് 1993-ൽ തോട്ടിവേല നിരോധന നിയമം വരുന്നത്. അതിനു ശേഷം 2013-ൽ അത് പുതുക്കി The prohibition of employment as manual scavenger and their rehabilitation act നിലവിൽവന്നു. ഉണക്ക കക്കൂസുകളുടെ എണ്ണം അതിനുശേഷം ഗണ്യമായി കുറഞ്ഞു, തോട്ടിവേല ചെയ്തിരുന്നവർ കുറെയൊക്കെ ജോലിയുപേക്ഷിക്കാനും മറ്റു ജോലികളിലേർപ്പെടാനും സന്നദ്ധരായി. പക്ഷെ ഭൂഗർഭക്കുഴലിൽ ജോലിയെടുക്കുന്ന ഒരുവിഭാഗം മാത്രം അപ്പോഴും ദിനേന മരണത്തെ മുഖാമുഖം കണ്ടു ജീവിച്ചുപോന്നു.

വെളിയിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നത് എത്ര വലിയ ആരോഗ്യ വിപത്താണെന്നു തിരിച്ചറിഞ്ഞ കാലഘട്ടം കൂടിയായിരുന്നു അത്. കോളറ, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങളുടെ കാരണം മലം കലർന്ന വെള്ളമാണെന്ന തിരിച്ചറിവ് ശുചിത്വ ആന്തരഘടനയിൽ മാറ്റത്തിന് വഴിതെളിച്ചു. ലോകരാജ്യങ്ങൾ ശുചത്വത്തിന് ഊന്നൽ കൊടുക്കുന്നതിന് ഇതൊരു കാരണമായിതീർന്നു. 1980-കൾ അന്താരാഷ്ട്ര ശുചിത്വ ദശകമായി കണ്ടു അതിനു വേണ്ടി പ്രയത്നിക്കാൻ ലോകരാഷ്ട്രങ്ങളെ പ്രേരിപ്പിച്ചു. എങ്കിലും ഇന്ത്യയും സബ്സഹാറൻ ആഫ്രിക്കൻ രാജ്യങ്ങളും എന്നും പിന്നിൽ നിന്നു. ഇന്ത്യയിലെ ജനങ്ങളുടെ വെളിക്കിരിയ്ക്കൽ സ്വഭാവം ഒരു പ്രഹേളികയായി തുടർന്നു. കാരണം ആ സ്വഭാവം രൂപീകരിക്കപ്പെട്ടതിൽ ജാതി, മതം, ആശ്വാസം, ജനസമ്പർക്കം ഒക്കെ കാരണമായി. പക്ഷേ, ശുചിത്വം ചിന്തകളിൽനിന്ന് വിദൂരമായി നിന്നു. സർക്കാർ ധനസഹായത്താൽ നിർമ്മിക്കപ്പെട്ട കക്കൂസുകൾ ഗ്രാമങ്ങളിൽ സ്റ്റോർ മുറികളായി പരിണമിച്ചു കൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് രണ്ടായിരത്തി പത്തൊൻപത് ഒക്ടോബർ രണ്ടിന് ഇന്ത്യ വെളിയിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതിൽനിന്നു മുക്തിനേടി എന്നു പറയാൻ ഭരണകൂടം ശ്രമിക്കുന്നത്. ഗ്രാമങ്ങളും, നഗരങ്ങളും, സംസ്ഥാനങ്ങളും മത്സരിച്ചു വെളിയിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതിൽനിന്ന് മുക്തമായെന്നു പ്രഖ്യാപിച്ചു കൊണ്ടിരിക്കുന്നു. വീടുകളിൽ നിർമിക്കപ്പെട്ട കക്കൂസുകളുടെ എണ്ണമാണ് ഇത്തരം പ്രഖ്യാപനങ്ങളുടെ മാനദണ്ഡം. ഇന്ത്യൻ ജനതയുടെ മൊത്തത്തിലുള്ള ആരോഗ്യത്തിലേക്ക്

ഇത്തരം പ്രഖ്യാപനങ്ങൾ എത്രത്തോളം സംഭാവന ചെയ്യുമെന്ന കണ്ടു തന്നെ അറിയേണ്ടിയിരിക്കുന്നു.

### കേരളം നേരിടുന്ന വെല്ലുവിളികൾ

പാതികെട്ടിയ മതിലിനിരുപുറവും നിന്ന് പാത്തുമ്മയും ലക്ഷ്മിയും സംസാരിക്കുകയായിരുന്നു. പാത്തുമ്മ കിണറ്റിൽനിന്നു വെള്ളം കോരാൻ വന്നതാണ്. ലക്ഷ്മി കക്കൂസിനരികിൽ കെട്ടിയ അഴയിൽ നിന്ന് തുണി എടുക്കാനും. ലക്ഷ്മിയുടെ കക്കൂസ് ടാങ്കിൽനിന്ന് പാത്തുമ്മയുടെ കിണറിലേയ്ക്ക് 3 metre അകലമുണ്ടോ എന്നു സംശയമാണ്. പാത്തുമ്മയുടെ വീട്ടിൽ വെള്ളം തിളപ്പിച്ചാണ് കുടിക്കാറ്. അതുകൊണ്ട് അധികമൊന്നും അസുഖം പിടിപെട്ടിട്ടില്ല. എന്നാൽ അടുത്തുള്ള വടക്കേ ഇന്ത്യൻ പണിക്കാരധികവും കിണറ്റിലെ വെള്ളംകോരി തിളപ്പിക്കാതെ കുടിക്കാറാണ് പതിവ്. കേരളത്തിൽ മൂന്നു സെന്റ് സ്ഥലത്തും അഞ്ചു സെന്റ് സ്ഥലത്തും അടുക്കി വച്ചിരിയ്ക്കുന്ന വീടുകളിലെല്ലാംതന്നെ കിണറുകളും കക്കൂസുകളുമുണ്ട്. 2011 സെൻസസ് പ്രകാരം കേരളത്തിലെ എൺപത്തിലേറെ ശതമാനം ആൾക്കാരും ഉപയോഗിക്കുന്നത് സെപ്റ്റിക് ടാങ്ക് ആണ്. സെപ്റ്റിക് ടാങ്ക് എന്ന് പറയുന്നത് നാലു വശവും കോൺക്രീറ്റ് ചെയ്ത മലം ശേഖരിക്കാൻ പറ്റുന്ന മലിന ജലം ഫിൽറ്റർ ചെയ്യാനുതകുന്ന soak പിറ്റുള്ള ഒരു അറയാണ്. എന്നാൽ കേരളത്തിലെ മേസ്തിരിമാരോടോ കെട്ടുപണിക്കാരോടോ ചോദിച്ചാൽ അവർ പറയും സെപ്റ്റിക് ടാങ്ക് ഉണ്ടാക്കിയിരിക്കുന്നത് കല്ലുകൾ അടുക്കി വെച്ചാണെന്നും അടിഭാഗവും വശങ്ങളും വെള്ളം ഊർന്നു പോകുന്നതിനായി തേച്ചിട്ടില്ല എന്നും. ഇത്തരം നിർമാണം ലീച് പിറ്റ് എന്നറിയപ്പെടുന്നു. ഇത്തരം തെറ്റായ കണക്കുകൾ പുറത്തു വരുന്നത് സെപ്റ്റിക് ടാങ്കുകളും ലീച് പിറ്റുകളും ഒക്കെ തമ്മിലുള്ള വ്യത്യാസം ജനങ്ങൾക്കറിയാത്തതുകൊണ്ടു കൂടിയാവാം. കേരളം പോലെ ജനസാന്ദ്രത കൂടിയ, പാർപ്പിട സാന്ദ്രത കൂടിയ, കുടിവെള്ളത്തിന് തുറന്ന കിണറുകൾ ഉപയോഗിക്കുന്ന സംസ്ഥാനത്തു ലീച് പിറ്റുകൾ ഉയർത്തുന്ന വെല്ലുവിളി ചെറുതല്ല. മലപ്പുറത്തും പാലക്കാട്ടും യൂണിവേഴ്സൽ ഹെൽത്ത് കവറേജ് പ്രയോഗത്തിൽ വരുത്തുന്നതിനായി നടത്തിയ അടിസ്ഥാന സർവേയിൽ അവിടെ ജനം ഏറ്റവും കൂടുതൽ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ചികിത്സനേടിയത് വയറിളക്കത്തിനാണെന്നു തെളിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെതന്നെ ഏറ്റവും മോശം കുടിവെള്ളം കേരളത്തിലേതാണെന്നു പഠനങ്ങൾ പറയുന്നു. സർക്കാരിന്റെ കുടിവെള്ള ശുചിത്വ വകുപ്പിന്റെ വെബ്സൈറ്റ് എടുത്തു നോക്കിയാൽ കാണാം കേരളത്തിലെ എല്ലാ ജില്ലകളിലും കോളിഫോം

ബാക്ടീരിയ ഉള്ള ജലസ്രോതസ്സിന്റെ കണക്കുകൾ. ജലത്തിലടങ്ങിയ മലത്തിന്റെ സൂചികയാണ് കോളിഫോം ബാക്ടീരിയ.

കേരള സർക്കാരിന്റെ ശുചിത്വരേഖകളിൽ പരാമർശിക്കുന്നത് ലീച് പിറ്റുകൾ കേരളത്തിലെ ഗ്രാമങ്ങളിലും സെപ്റ്റിക് ടാങ്കുകൾ നഗരങ്ങളിലുമാണ് കാണപ്പെടുന്നത് എന്നാണ്. നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള അന്തരം കുറഞ്ഞുവരുന്ന കേരളം പോലൊരു സംസ്ഥാനത്ത് ഇതുപോലൊരു വേർതിരിക്കൽ പോളിസിതലത്തിൽ തീരുമാനങ്ങളെടുക്കാൻ എത്രത്തോളം സഹായിക്കുമെന്നത് സംശയമാണ്. ലീച് പിറ്റ് ഉപയോഗിക്കുന്നിടത്തു കിണറിലെ കുടിവെള്ളം മലിനമാകുന്നതാണ് പ്രശ്നമെങ്കിൽ നഗരങ്ങളിൽ രണ്ടു തരം പ്രശ്നങ്ങളാണ് കാണപ്പെടുന്നത്. ഒന്ന്, ഓടകളിലേക്കു നേരിട്ട് തള്ളുന്ന കക്കൂസ് മാലിന്യം, രണ്ട്, സെപ്റ്റിക് ടാങ്ക് മാലിന്യം ശേഖരിച്ചു തുറസായ സ്ഥലങ്ങളിലോ, പുഴയിലോ, വയലുകളിലോ ഒക്കെ തള്ളുന്നത്. ഇതുണ്ടാക്കുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ ചെറുതല്ല. സെപ്റ്റിക് ടാങ്കുകളുടെയും ലീച് പിറ്റുകളുടെയും ഏറ്റവും വലിയ പോരായ്മ അതിൽ ശേഖരിക്കുന്ന മാലിന്യം സെക്കന്ററി treatment-നു വിധേയമാക്കേണ്ടതുണ്ട് എന്നതാണ്. എന്നാൽ ഇന്ന് കേരളത്തിലോ, ഇന്ത്യയിലെ മറ്റിടങ്ങളിലോ സെക്കന്ററി treatment-നുള്ള സാങ്കേതികവിദ്യയോ സാഹചര്യങ്ങളോ ഇല്ല. സർക്കാർ അദൃശ്യമായിരിക്കുന്ന ഈ മേഖല കൈയടക്കിയിരിക്കുന്നത് സ്വകാര്യമേഖലയാണ്. എന്നാൽ അവർ മിക്കപ്പോഴും സെപ്റ്റേജ് മാലിന്യം ടാങ്കറിൽ ശേഖരിച്ച് അവ എവിടെയെങ്കിലും കൊണ്ടുപോയി തള്ളുന്നു. അതുകൊണ്ടാണ് ഇന്ന് മിക്കവാറും ദിവസങ്ങളിലെ പത്രങ്ങളിൽ മാലിന്യം തള്ളിയ കഥകൾ കാണേണ്ടിവരുന്നത്. ഇത്തരം ഒരു സാഹചര്യത്തിലാണ് വെളിയ്ക്കിരിക്കലിൽ നിന്നു മുക്തമായ സംസ്ഥാനമാണ് കേരളം എന്നഹങ്കരിക്കുന്നതുകൊണ്ട് എന്തുനേട്ടമാണ് കേരളത്തിനുള്ളതെന്നു ചിന്തിച്ചുപോകുന്നത്.

സുരക്ഷിത ശുചിത്വവും ശുചിത്വ ചക്രവും

ഐക്യരാഷ്ട്രസഭയും ലോകാരോഗ്യ സംഘടനയും ചേർന്നു രൂപീകരിച്ച ജോയിന്റ് മോണിറ്ററിങ് കമ്മിറ്റിയാണ് സുരക്ഷിതശുചിത്വത്തെക്കുറിച്ചു പ്രതിപാദിക്കുന്നത്. സുരക്ഷിത ശുചിത്വം എന്നത് കൊണ്ടുദ്ദേശിക്കുന്നത്

1. രണ്ടോ മൂന്നോ വീടുകൾ തമ്മിൽ പങ്കിടാത്ത കക്കൂസുകൾ ഉണ്ടായിരിക്കുകയും,
2. ശേഖരിച്ച കക്കൂസ് മാലിന്യം അവിടെതന്നെയോ അതോ

ദൂരെയോ സംസ്കരിക്കാനുള്ള അവസ്ഥ ഉണ്ടായിരിക്കുകയും ചെയ്യുക എന്നുള്ളതാണ്.

ഇതു രണ്ടുംചേർന്ന അവസ്ഥയെ ശുചിത്വചക്രം എന്നുപറയുന്നു. കേരളത്തിലെ അവസ്ഥ ഈ നിർവചനവുമായി തട്ടിച്ചു നോക്കുമ്പോൾ പാതി വെന്ത ചോറ് പോലെയാണ്. പങ്കിടപ്പെടാത്ത കക്കൂസുകളും ശേഖരണ നിർമാണവും കേരളത്തിലുണ്ട്. എന്നാൽ ശേഖരിച്ച മാലിന്യം അവിടെ തന്നെയോ ദൂരെയൊ സംസ്കരിക്കാനുള്ള അവസ്ഥ നമുക്കില്ല. അതായത് നമ്മൾ ശുചിത്വചക്രം പൂർത്തീകരിക്കുന്നില്ലെന്നർത്ഥം. എൺപതു ശതമാനം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകൾ ഉപയോഗിക്കുന്ന കേരളം പോലൊരു സംസ്ഥാനം നേരിടുന്ന പലവിധ വെല്ലുവിളികളിലേക്കു അതുകൊണ്ടുതന്നെ അടിയന്തിര ശ്രദ്ധ ആവശ്യമുണ്ട്.

ഉറവിടത്തിൽതന്നെ ദ്രവമാലിന്യം ശേഖരിച്ചു ചംക്രമണം ചെയ്യുന്ന ഡിസൈനുകൾ ഇന്നു നിലവിലുണ്ട്. ഉദാഹരണത്തിനു ഇന്ത്യയിൽ സർക്കാർ പൊതുവിൽ പ്രോത്സാഹിപ്പിക്കുന്നത് ഇരട്ട പിറ്റുകളാണ്. ഇരട്ടപിറ്റുകളിൽ ഒന്നിൽ ആദ്യം മലം ശേഖരിച്ചു അത് നിറയുമ്പോൾ അടച്ചു വെച്ച് കമ്പോസ്റ്റ് ആകാൻ അനുവദിച്ചു രണ്ടാമത്തെ കുഴി (pit) ഉപയോഗിക്കാനുള്ള സംവിധാനമാണുള്ളത്. വരണ്ട പ്രദേശികളിലാണ് ഇത്തരം സാങ്കേതികവിദ്യ ഫലപ്രദമായി കണ്ടിട്ടുള്ളത്. കഴിഞ്ഞ സെൻസസ് പ്രകാരം ഇന്ത്യയിൽ ഇതേറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്നത് രാജസ്ഥാനിലാണ്. കേരളം പോലൊരു പ്രദേശത്തു ഇത്തരം ഡിസൈനുകൾ എത്രത്തോളം പ്രായോഗികമാണ് എന്നത് പഠിക്കപ്പെടേണ്ട വിഷയമാണ്. കാരണം, ഇരട്ട പിറ്റുകളുടെയും പ്രവർത്തനം ലീച്ചിങ് മുഖാന്തിരം ആയതു കൊണ്ടും, കേരളത്തിൽ പാർപ്പിടസാന്ദ്രത കൂടുതലായതുകൊണ്ടും കിണറുകളിൽ ഉള്ള കുടിവെള്ളം മലിനമാകുന്നത് തടയാൻ കഴിയില്ലായിരിക്കാം. അതുകൊണ്ട് ഏതൊരു തരത്തിലുള്ള ലീച് പിറ്റുകളുടെയും ഉപയോഗത്തിന് കേരളത്തിൽ അറുതി വരുത്തേണ്ട സമയം ആയിരിക്കുന്നു. എന്നാൽ കക്കൂസ് നിർമാണത്തിൽ കേരള സർക്കാരിന്റെ ഇടപെടൽ വളരെ പരിമിതമായതുകൊണ്ടുതന്നെ ജനങ്ങളുടെ താല്പര്യമാണ് മുന്നിട്ടു നില്ക്കുന്നത്. ഇത്തരം ഒരവസ്ഥയിൽ അവർ സ്വയം ഉണ്ടാക്കുന്ന മലിനീകരണത്തെ കുറിച്ച് ബോധവാന്മാരല്ലെങ്കിൽ ഉണ്ടാകുന്ന വിപത്തുകൾ ചിന്തിക്കാവുന്നതേ ഉള്ളൂ.

സെപ്റ്റിക് ടാങ്കുകൾ എല്ലാ terrain-ഉം പറ്റിയതല്ല. വെള്ളം കെട്ടുന്ന സ്ഥലങ്ങളിൽ അതിന്റെ പ്രവർത്തനം പ്രശ്നമുള്ളതാണ്. ഇത്തരം ഒരവസ്ഥയിൽ മറ്റു സാങ്കേതികവിദ്യകളുടെ ഉപയോഗത്തെകുറിച്ച് ചിന്തിക്കുകയും സർക്കാർ ഇടപെടുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. നാളെ

ആലപ്പുഴ അതിനൊരു മാതൃകയായേക്കാം. അവിടെ ദേവനഹള്ളിയിലെപോലെ വികേന്ദ്രീകൃത സംസ്കരണ യൂണിറ്റുകൾ വിഭാവനം ചെയ്തു പ്രവർത്തനക്ഷമമാക്കാനുള്ള പ്രയത്നങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പക്ഷേ, ഏതൊരു ഇടപെടലിനും മുമ്പേ ചെയ്യേണ്ടത് ഏതൊക്കെ സാങ്കേതികവിദ്യ കേരളത്തിന് ഫലപ്രദമാണെന്നും അവ എങ്ങനെ കേരളത്തിൽ വ്യാപകമായി ഉപയോഗിക്കാം എന്നതിനെകുറിച്ചും ഉള്ള സമഗ്രമായ പഠനമാണ്.

വെള്ളം ഒഴിക്കുമ്പോൾ ഒഴിഞ്ഞുപോകുന്ന മാലിന്യം സ്വന്തം ജീവിതത്തിലേക്കെങ്ങനെ തിരിച്ചുവരുന്നു എന്നു ചിന്തിക്കാത്തൊരിടത്തു ആരോഗ്യത്തെക്കുറിച്ചോർത്തു വ്യാകുലപ്പെടുന്ന ജനതയെ മാത്രമേ കാണാൻ കഴിയൂ. അവിടെ നൂറു ശതമാനം സാക്ഷരതയ്ക്കും, മറ്റു പല സോഷ്യൽ സൂചികകൾക്കും ഒരു വിലയുമില്ലാതാകും. ഇന്നൊരു പക്ഷേ, കേരളം വലിയ ആശങ്കയില്ലാതെ മുന്നോട്ടു പോകുന്നത് വെള്ളം ചൂടാക്കി കുടിയ്ക്കുന്ന പ്രവണത നമുക്ക് കൂടുതലുള്ളതുകൊണ്ടാണ്. എന്നാൽ, തണുത്ത വെള്ളം കുടിച്ചു ശീലമുള്ള വടക്കേ ഇന്ത്യൻ തൊഴിലാളികൾ കേരളത്തിലെ മലിനജലം കുടിയ്ക്കുമ്പോൾ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കാൻ സർക്കാരിനു കഴിഞ്ഞെന്നു വരില്ല. അതുകൊണ്ടുതന്നെ ബോധവത്കരണങ്ങളിൽ അവരെക്കൂടി ഉൾപെടുത്തേണ്ടത് കേരളത്തിന്റെ ആരോഗ്യത്തിനു അത്യന്താപേക്ഷിതമാണ്. ചുരുക്കത്തിൽ ഓരോകാലത്തും നിരന്തരം നവീകരിക്കപ്പെടേണ്ടതും ആധുനികമായ സാങ്കേതികവിദ്യകളിലൂടെ പരിഷ്കരിക്കേണ്ടതുമാണ് ശുചിത്വ സങ്കല്പങ്ങൾ. കേരളം പോലുള്ള പ്രദേശങ്ങൾ കൂടുതൽ ജാഗ്രത കാണിക്കേണ്ടത് അനിവാര്യമാകുന്നു.

## Reference

1. Thakazhi (2003). Thottiyude Makan. Poorna Publications.
2. Tam, S. (2013). Sewerage's Reproduction of Caste: The Politics of Coprology in Ahmedabad, India. Radical History Review, 2013(116), 5-30.
3. Sivakumar, B (2013). Kerala Worst in access to protected drinking water: survey. Times of India. Dec.26, 2013
4. Government of Kerala (2008). Kerala Sanitation Strategy. Available at http://sanitation.kerala.gov.in/wp-content/uploads/2017/07/State-Sanitation-Strategy-1.pdf
5. Ganesan, Prathibha (2018). Bhoogarbhakkuzhalukalil Adrishyarakkappedunna Jeevithangal (Malayalam). Azhimukham.